# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 28.10.2025**

### പ്രധാനവാർത്തകൾ

1. രാജ്യത്ത് വോട്ടർ പട്ടികയുടെ രണ്ടാം ഘട്ട തീവ്ര പരിഷ്ക്കരണത്തിനു തുടക്കമായി. തീവ്ര പരിഷ്ക്കരണം കേരളം ഉൾപ്പെടെ പന്ത്രണ്ട് ഇടങ്ങളിൽ.

2. ഛഠ് പൂജയിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

3. ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ തീവ്ര ചുഴലിക്കാറ്റായി മാറി. ആന്ധ്രാപ്രദേശ് തീരത്ത് കനത്ത മഴയും ശക്തമായ കാറ്റും; കേരളത്തിൽ ഏഴു ജില്ലകളിൽ മഞ്ഞ ജാഗ്രത.

4. ഐ.ടി മേഖലയിൽ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

5. സംസ്ഥാന സ്കൂൾ കായിക മേളക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം. തിരുവനന്തപുരം ജില്ലയ്ക്ക് സ്വർണക്കപ്പ്

6. സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും മലപ്പുറം FC യും ഏറ്റുമുട്ടും.

RNU TVPM

## തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം

രാജ്യത്ത് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 12 ഇടങ്ങളിൽ രണ്ടാം ഘട്ട പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണം നടത്തുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ പട്ടിക കൂടുതൽ സുതാര്യവും പിശകില്ലാത്തതുമാക്കുക എന്നതാണ് ലക്ഷ്യമെന്ന് ചീഫ് ഇലക്ഷൻ കമ്മീഷണർ ഗ്യാനേഷ് കുമാർ ഇന്നലെ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. പേര് ചേർക്കൽ പ്രക്രിയ നവംബർ നാലിന് ആരംഭിക്കും ഡിസംബർ 9 ന് കരട് പട്ടികയും ഫെബ്രുവരി 7 ന് അന്തിമ വോട്ടർ പട്ടികയും പ്രസിദ്ധീകരിക്കുമെന്നും ശ്രീ ഗ്യാനേഷ് കുമാർ പറഞ്ഞു.

*************************

## സംസ്ഥാനം-എസ് ഐ ആർ

തീവ്ര വോട്ടർ പട്ടിക പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഇന്ന് പ്രത്യേക യോഗങ്ങൾ നടക്കും. ജില്ലാ കളക്ടർമാരുടെ യോഗവും ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ വീഡിയോ കോൺഫറൻസും ഇന്ന് നടക്കുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ അറിയിച്ചു. അതേസമയം അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ യോഗം നാളെ 11 മണിക്ക് നടക്കും. ഉച്ചയ്ക്ക് ശേഷം മാധ്യമപ്രവർത്തകരുടെ യോഗവും വിളിച്ചിട്ടുണ്ട്.

RNU TVPM

*************************

## പിഎം-ഛഠ് പൂജ

ഛഠ് പൂജയിൽ പങ്കെടുത്ത എല്ലാവർക്കും ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഭക്തർ സൂര്യദേവന് പ്രഭാത പൂജ അർപ്പിച്ചതോടെ ഈ വർഷത്തെ ഛഠ് പൂജക്ക് ഇന്ന്

സമാപനമായി. നാല് ദിവസത്തെ ഉത്സവ ആചാരങ്ങൾ ഇന്ത്യയുടെ മഹത്തായ പാരമ്പര്യത്തിന്റെ നേർക്കാഴ്ച്ചയായി മാറിയതായും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു. ബീഹാറിലെ ഗംഗ, ഗാണ്ഡക്, കോസി എന്നിവയുൾപ്പെടെയുള്ള നദീതീരങ്ങളിൽ നടന്ന സമാപന ചടങ്ങുകളിൽ ദശലക്ഷക്കണക്കിന് ഭക്തർ പങ്കെടുത്തു.

************************

## രാഷ്ട്രപതി

രാഷ്ട്രപതി ദ്രൗപദി മുർമു എട്ടാമത് അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയിൽ മുഖ്യപ്രഭാഷണം നടത്തി. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന പരിപാടിയിൽ കേന്ദ്ര മന്ത്രി പ്രൽഹാദ് ജോഷിയും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. നാല് ദിവസത്തെ ആഗോള പരിപാടിയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 40-ലധികം മന്ത്രിമാർ പങ്കെടുക്കും. അന്താരാഷ്ട്ര സഹകരണം കൂടുതൽ ആഴത്തിലാക്കാനും എല്ലാവർക്കും താങ്ങാനാവുന്ന വിലയിൽ സൗരോർജ്ജം എന്ന ലക്ഷ്യത്തിലേക്കുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുവാനും 124 രാജ്യങ്ങൾ പങ്കെടുക്കുന്ന സമ്മേളനം ഊന്നൽ നൽകും.

RJ UTVPM

************************

## മൊൻതാ ചുഴലിക്കാറ്റ്

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ ചുഴലിക്കാറ്റ് തീവ്രമായ ചുഴലിക്കാറ്റായി മാറി. മണിക്കൂറിൽ 100 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശുന്നതിനാൽ, ആന്ധ്രാപ്രദേശ് തീരത്ത് കനത്ത മഴയും ശക്തമായ കാറ്റും അനുഭവപ്പെടുന്നുണ്ട്. ആന്ധ്രാപ്രദേശ്, യാനം, തെക്കൻ ഒഡീഷ തീരങ്ങൾ, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ നാളെ വരെ ചുവപ്പ്

ജാഗ്രത നൽകിയിട്ടുണ്ട്. റായലസീമ, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, തെലങ്കാന എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴക്ക് സാധ്യതയുണ്ട്. ആന്ധ്രാപ്രദേശിലെ കാക്കിനടയ്ക്ക് സമീപം ഇന്ന് രാത്രി കൊടുങ്കാറ്റ് തീരം തൊടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതേസമയം ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡുവുമായി സ്ഥിതിഗതികൾ ചർച്ച ചെയ്ത പ്രധാനമന്ത്രി നരേന്ദ്ര മോദി കേന്ദ്ര പിന്തുണ വാഗ്ദാനം ചെയ്തു. ഒഡീഷയിൽ കൊടുങ്കാറ്റിനെ നേരിടുന്നതിനായി താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിക്കുന്ന നടപടികൾ ഉൾപ്പെടെ ശക്തമാക്കിയിട്ടുണ്ട്.

*************************

മഴ

സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിൽ ഇന്നു മഴയുടെ ശക്തി കുറയും. അതേസമയം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ശക്തമായ മഴ തുടരുന്നതിനാൽ ജില്ലയിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. എന്നാൽ മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും ജില്ലാ ശാസ്ത്രമേളക്കും മാറ്റം ഉണ്ടായിരിക്കില്ല. മൂന്നാർ ഗ്യാപ് റോഡിലൂടെയുള്ള രാത്രി യാത്രയും അടിമാലി - കൂമ്പൻപാറ ഭാഗത്തെ എൻ.എച്ച് 85 ലൂടെയുള്ള യാത്രയും നിരോധിച്ചിരിക്കുകയാണ്. കേരളം- തമിഴ്നാട്- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

*************************

PRD TVPM

**ഇടുക്കി - മണ്ണിടിച്ചിൽ**

ദേശീയപാത 85 ൽ അടിമാലിക്ക് പിന്നാലെ പള്ളിവാസലിലും മണ്ണിടിച്ചിലുണ്ടായി. ദേശീയപാതയോരത്തെ മൂലക്കടയിലാണ് ഇന്നലെ രാത്രി മണ്ണിടിച്ചിലുണ്ടായത്. ഇതുവഴിയുള്ള രാത്രി ഗതാഗതം നിരോധിച്ചതിനാൽ അപകടമൊഴിവായി.

*************************

**മുഖ്യമന്ത്രി - റികോഡ് കേരള (ഇൻട്രോ)**

ഐ.ടി മേഖലയിൽ 5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാന ഐ.ടി വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച റികോഡ് കേരള 2025 വികസന സെമിനാർ ഉത്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

വിഷൻ 2031 ന്റെ ഭാഗമായി സംസ്ഥാനത്തിന്റെ വിവര സാങ്കേതിക രംഗത്തെ വളർച്ചയും ലക്ഷ്യങ്ങളും ചർച്ച ചെയ്യാനാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്. കാക്കനാട് കിൻഫ്ര ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന സെമിനാറിൽ നയരൂപകർത്താക്കളും, വ്യവസായികളും സംരംഭകരും സാങ്കേതിക വിദഗ്ധരും ഉൾപ്പെടെയുള്ളവർ പങ്കെടുക്കുന്നുണ്ട്. 2031 ലക്ഷ്യം വച്ചുള്ള സംസ്ഥാനത്തിന്റെ ഐ.ടി രൂപരേഖ ചടങ്ങിൽ പുറത്തിറക്കി. പൂർണ്ണമായും കേരളത്തിൽ രൂപകൽപ്പന ചെയ്ത 5 G ചിപ്പിന്റെ ഉത്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

*************************

**ഡ്രോൺ**

RNU TVPM

ദക്ഷിണ വ്യോമ സേനാ ആസ്ഥാനവും ഫിക്കിയും സഹകരിച്ച് ഒക്ടോബർ 31-ന് തിരുവനന്തപുരത്ത് ഡ്രോൺ പ്രദർശനവും വ്യവസായ സമ്പർക്ക പരിപാടിയും സംഘടിപ്പിക്കും. വ്യോമയാന മേഖലയിലെ സ്വാശ്രയത്വം, സാങ്കേതിക പുരോഗതി എന്നിവയ്ക്കായി ഗവേഷണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയാണ് പരിപാടിയുടെ മുഖ്യ ലക്ഷ്യം.

*************************

## ശബരിമല സ്വർണ്ണക്കവർച്ച കേസ്

ശബരിമല സ്വർണ്ണപ്പാളി കേസിലെ രണ്ടാം പ്രതിയും ദേവസ്വം ബോർഡ് മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫിസറുമായ ബി.മുരാരി ബാബുവിനെ റാന്നി കോടതിയിൽ ഹാജരാക്കി. പ്രത്യേക അന്വേഷണ സംഘത്തിന്റെ കസ്റ്റഡി അപേക്ഷയിൽ ഇന്ന് കോടതി വിധി പറയും. നിലവിൽ മുരാരി ബാബു സസ്പെൻഷനിലാണ്. 1998ൽ ശ്രീകോവിൽ സ്വർണം പൊതിഞ്ഞ പാളികൾ 2019 ലും 2024 ലും ചെമ്പെന്നു തെറ്റായി രേഖപ്പെടുത്തി തട്ടിപ്പിനു കൂട്ടു നിന്നു എന്നതാണ് ഇയാൾക്കെതിരെയുള്ള കേസ്.

RNU TVPM

*************************

## സുവോളജിക്കൽ പാർക്ക് (ഇൻട്രോ)

രാജ്യത്തെ ആദ്യ ഡിസൈനർ സൂവായ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് ഇന്ന് വൈകീട്ട് നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. പുത്തൂരിൽ വനംവകുപ്പിന്റെ 336 ഏക്കറിലാണ് ഏഷ്യയിലെ ഏറ്റവും വലിയ രണ്ടാമത്തേ സൂ കൂടിയായ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് തുറക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...

(വോയിസ്)

************************

## ജോർജ്ജ് കുര്യൻ

കാസർഗോഡ് കേന്ദ്ര സർവ്വകലാശാലയുടെ പുതിയ അക്കാദമിക്ക് ബ്ലോക്കിന് വ്യാഴാഴ്ച കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ തറക്കല്ലിടും. കേന്ദ്ര ന്യൂനപക്ഷ കാര്യ മന്ത്രാലയം - പ്രധാനമന്ത്രി ജൻ വികാസ് കാര്യ പദ്ധതിയിൽ ഉൾപ്പെടുത്തി 53 കോടി രൂപയോളം പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മാണത്തിന് അനുവദിച്ചതായി രജിസ്ട്രാർ ഇൻ ചാർജ്ജ് ആർ. ജയ പ്രകാശ് അറിയിച്ചു.

RNU TVPM

************************

## റൺ ഫോർ യൂണിറ്റി

സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ഈ മാസം 31-ന് രാജ്യമെമ്പാടും റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും. സർദാർ വല്ലഭായ് പട്ടേലിനെ ആദരിക്കുന്നതിനും ഏകീകൃത ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനെ അനുസ്മരിക്കുന്നതിനുമായി റൺ ഫോർ യൂണിറ്റിയിൽ പങ്കെടുക്കാൻ ജനങ്ങളോട് സമൂഹ മാധ്യമത്തിലൂടെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു.

************************

## കായിക മേള - സമാപനം ( ഇൻട്രോ )

67 ആമത് സംസ്ഥാന സ്കൂൾ കായിക മേളക്ക് ഇന്ന് തിരുവനന്തപുരത്ത് സമാപനം. 1,825 പോയിന്റുമായി മുഖ്യമന്ത്രിയുടെ സ്വർണ കപ്പ് സ്വന്തമാക്കി തിരുവനന്തപുരം ജില്ല. രണ്ടും മൂന്നും സ്ഥാനത്തുള്ള തൃശൂർ, കണ്ണൂർ ജില്ലകൾ നേടിയത് യഥാക്രമം 892, 859 പോയിന്റുകളാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്..........**

(വോയ്സ്)

************************

## കായിക മേള - അവധി

സ്കൂൾ കായികമേളയുടെ സമാപന ദിവസമായ ഇന്ന് തിരുവനന്തപുരം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിലുള്ള കേരള സിലബസ് സ്കൂളുകൾക്ക് ഉച്ചയ്ക്കു ശേഷം അവധിയായിരിക്കും.

************************

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ ഇന്ന് തിരുവനന്തപുരം കൊമ്പൻസും മലപ്പുറം FC യും ഏറ്റുമുട്ടും. രാത്രി ഏഴരയ്ക്ക് മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലാണ് മത്സരം. നിലവിൽ മലപ്പുറത്തിന് അഞ്ച് പോയിന്റും കൊമ്പൻസിന് മൂന്ന് പോയിന്റുമാണുള്ളത്.

************************

## പുരുഷ ഫ്രീസ്റ്റൈൽ- സ്വർണ്ണ മെഡൽ

RNUTVPM

അണ്ടർ 23 ലോക ചാമ്പ്യൻഷിപ്പിൽ പുരുഷ ഫ്രീസ്റ്റൈൽ 65 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യൻ ഗുസ്തി താരം സുജീത് കൽക്കലിന് സ്വർണ്ണ മെഡൽ. ഇന്നലെ സെർബിയയിൽ നടന്ന മത്സരത്തിൽ ഉസ്ബെക്കിസ്ഥാൻ താരത്തെ 10-0 ന് പരാജയപ്പെടുത്തിയാണ് സുജീത്തിന്റെ സ്വർണ്ണ നേട്ടം.

************************

## കോഴിക്കോട് അതിദാരിദ്ര മുക്ത ജില്ല

അതിദാരിദ്ര മുക്ത ജില്ലയായി കോഴിക്കോട്. പ്രഖ്യാപനം മന്ത്രി എ കെ ശശീന്ദ്രൻ ഓൺലൈനായി നിർവ്വഹിച്ചു. ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെല്ലാം ഇതിനകം അതിദാരിദ്ര്യമുക്ത പ്രഖ്യാപനം നടത്തിക്കഴിഞ്ഞു. നവംബർ ഒന്നിന് വൈകിട്ട് നാലിന് കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കും.

*

********

***************************************

RNU TVPM